സി.ജി(2)12024/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 27.8.2009

# സർക്കുലർ നമ്പർ 45/09

വിഷയം: സഹകരണ വകുപ്പ് - കാർഷിക കടം എഴുതിതള്ളലും കടാശ്വാസവും 2008 ലെ പദ്ധതി ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1) സഹകരണ സംഘം രജിസ്ട്രാറുടെ 41/08, 16/09, 30/09 നമ്പർ സർക്കുലറുകൾ
2) 27.7.2009 ലെ എൻ.ബി(കേരള ആർ.ഒ)/സി.പി.ഡി/4041/ പി.എൽ 14/2009-10 നമ്പർ നബാർഡ് കത്ത്
3) 3.8.09 ലെ എൻ.ബി (കേരള) സി.പി.ഡി/4263/പി.എൽ-14/ 09-10 നമ്പർ നബാർഡ് കത്ത്

2008 ലെ കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ തുടർച്ചയായി സൂചന (2) ലെയും, മൂന്നിലേയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മേൽ പദ്ധതിയിലെ 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' അനുസരിച്ചുള്ള ആനുകൂല്യത്തിന് അർഹരായ മറ്റു കർഷകർ തങ്ങളുടെ വിഹിതം അടച്ചു കൊള്ളാമെന്നുള്ള ഒരു സമ്മതപത്രം നൽകേണ്ടതും, അർഹമായ തുകയിൽ നിന്നും കടാശ്വാസം കുറച്ച തുക 30.9.08, 31.3.09, 30.6.09 എന്നീ മൂന്ന് തവണകളായി അടയ്ക്കേണ്ടതും, ആദ്യ രണ്ട് തവണകളുടെ ആകെ തുക അയാളുടെ വിഹിതത്തിന്റെ 1/3 ൽ കുറയാനും പാടുള്ളതല്ലായെന്നും സഹകരണസംഘം രജിസ്ട്രാറുടെ 41/08 നമ്പർ സർക്കുലർ മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ വായ്പക്കാരന് കടാശ്വാസമായി ലഭിക്കുന്ന 25 ശതമാനം കഴിച്ചുള്ള ടി തുക (75 ശതമാനം) മേൽ പരാമർശിച്ച മൂന്ന് ഗഡുക്കളായി തിരിച്ചടക്കുന്നതിന് കഴിഞ്ഞിട്ടില്ലായെങ്കിൽ ആയത് 30.6.09 ന് മുൻപായി ഒറ്റത്തവണയായി അടച്ച് ആനുകൂല്യത്തിന് അർഹത നേടാവുന്നതാണെന്നാണ് സഹകരണ സംഘം രജിസ്ട്രാറുടെ 30/09 നമ്പർ സർക്കുലർ മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കിയിരുന്നത്. സൂചന 2 ലെ കത്തിന്റെ അടിസ്ഥാനത്തിൽ ടി ആനുകൂല്യത്തിനുള്ള സമയപരിധി 31.12.2009 വരെ ദീർഘിപ്പിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കാർഷിക കടം എഴുതിതള്ളലും കടാശ്വാസവും 2008 ലെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ആക്ഷേപമുള്ള കർഷകർക്ക് സംഘങ്ങളിൽ/ബാങ്കുകളിൽ ചുമതലപ്പെടുത്തിയിട്ടുള്ള പരാതിപരിഹാര സെൽ ആഫീസർ മുൻപാകെ 31.7.2009 വരെ അപേക്ഷ നൽകാവുന്നതാണെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 16/09 നമ്പർ സർക്കുലർ മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കിയിരുന്നത് സൂചന (3) ലെ കത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നൽകുവാനുള്ള സമയപരിധി 31.1.2010 വരെ ദീർഘിപ്പിച്ചു കൊണ്ടും, നിരസിക്കുന്ന അപേക്ഷകളിന്മേൽ നിരസിക്കാൻ ഇടയായ കാരണം വ്യക്തമാക്കി അപേക്ഷകന് നേരിട്ട് വ്യക്തവും വിശദവുമായ മറുപടി നൽകേണ്ടതാണെന്നും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ടി പദ്ധതിയിൻ കീഴിൽ ആനുകൂല്യത്തിന് അർഹതയുള്ളതായി കണ്ടെത്തുന്ന തുകയിന്മേൽ 29.2.2008 മുതൽ 30.6.2009 വരെ പലിശ ഈടാക്കാൻ പാടില്ലാത്തതും എന്നാൽ 1.7.2009 മുതൽ വായ്പാ കണക്ക് അവസാനിപ്പിക്കുന്ന തീയതി വരെ സാധാരണ പലിശ ഈടാക്കാവുന്നതാണെന്നും നിർദ്ദേശിക്കുന്നു.

പരാതി പരിഹാര ഉദ്യോഗസ്ഥർ മുൻപാകെ 31.1.2010 വരെ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള തീർപ്പുകൾക്ക് വിധേയമായി നബാർഡിന് പ്രൊപ്പോസൽ നൽകുവാൻ സംഘങ്ങൾ/ബാങ്കുകൾ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്
റാണി ജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും
2. മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.ബി, കെ.എസ്.സി.എ.ആർ.ഡി.ബി
3. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ - , കെ.എസ്.സി.ബി, കെ.എസ്.സി.എ.ആർ.ഡി.ബി
4. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർമാർക്കും/ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും
5. സെക്രട്ടറി, പി.സി.എ.ആർ.ഡി.ബി (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പി.സി.എ.ആർ.ഡി.ബി (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. എഡിറ്റർ സഹകരണ വീഥി/ സഹകരണ ജേർണൽ
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
10. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)